**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 596** — **27.10.2011 - ൽ മറുപടിക്ക്**

**ഭൂവിനിയോഗ ബോർഡ് പുന:സംഘടന**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. എം. ഉമ്മർ :<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ :<br>ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. പി. കെ. ബഷീർ : | | ശ്രീ. കെ. സി. ജോസഫ്<br>ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കാലാനുസൃതമാറ്റങ്ങൾക്കനുസരിച്ചുള്ള പുതിയ കാഴ്ചപ്പാട് സ്വീകരിക്കുന്നതിന്റെയും ഭാഗമായി ബോർഡിനെ പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (എ) | ലാന്റ് യൂസ് ബോർഡ് 2007 ഫെബ്രുവരി മുതൽ ഒരു സർക്കാർ വകുപ്പാണ്. ഈ ബോർഡ് പുന:സംഘടിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ബോർഡിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഒരു ജിയോ ഇൻ ഫർമാറ്റിക്സ് ലബോറട്ടറി സ്ഥാപിക്കുന്നതിനും 5 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും മറ്റുമായി 2010-11 സാമ്പത്തിക വർഷത്തിൽ 105 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. നടപ്പു വർഷത്തെ പദ്ധതിയിൽ ബോർഡിന്റെ ശക്തിപ്പെടുത്തലിനായി 79 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ സമസ്തവികസനത്തിനും പരിസ്ഥിതി നിലനിർത്തുന്നതിനും ഉപയുക്തമായ വിധം ഭൂവിനിയോഗം എങ്ങിനെയായിരിക്കണമെന്നതു സംബന്ധിച്ച ബോർഡിന്റെ കാഴ്ചപ്പാട് വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്തിന്റെ സമഗ്ര വികസന ത്തിനും പരിസ്ഥിതി സന്തുലനത്തിനും കഴിയുന്ന തരത്തിൽ ഓരോ തുണ്ടു ഭൂമിയും അതിന് ഏറ്റവും അനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തിയും കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠിത നിലനിർത്തിയും സ്ഥായിയായ ഉൽപ്പാദനം ഉറപ്പാക്കുന്ന തരത്തിലായിരിക്കണം ഭൂവിനിയോഗം എന്നതാണ് ബോർഡിന്റെ കാഴ്ചപ്പാട്. |
| (സി) കാർഷിക ഭൂമിയുടെ കൺവെർഷനും തരിശിടലുംമൂലമുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോർഡ് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | രൂക്ഷമായിക്കൊണ്ടിരിക്കുന്ന പാർപ്പിട പ്രശ്നം ഭൂവിനിയോഗത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ